**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1668** **02-02-2024 - ൽ മറുപടിയ്ക്ക്**

**റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റബർ കർഷകർ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കൃഷി വകുപ്പ് പഠനം നടത്തിയിട്ടില്ല |
| (ബി) | പ്രതികൂലമായ കാലാവസ്ഥ മൂലം റബ്ബർ കൃഷിയിൽ ഇടിവ് നേരിടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. പ്രകൃതിക്ഷോഭം മൂലം വിള നാശം ഉണ്ടാകുന്ന റബ്ബർ കർഷകർക്ക് ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾ കൃഷി വകുപ്പ് മുഖേന നൽകി വരുന്നു.<br><br>1. പ്രകൃതി ക്ഷോഭം മൂലം ഉണ്ടാകുന്ന വിള നാശത്തിന് നഷ്ടപരിഹാരമായി പ്രകൃതിക്ഷോഭം മൂലമുള്ള അടിയന്തിര പരിപാടി പദ്ധതിയിൽ റബ്ബർ മരത്തിന് (ടാപ്പ് ചെയ്യുന്നത്) 300 രൂപയും ടാപ്പ് ചെയ്യാത്ത റബ്ബർ മരത്തിനു 200 രൂപയും നഷ്ടപരിഹാരമായി നൽകുന്നു.<br><br>2. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള കർഷകർക്ക് പ്രകൃതിക്ഷോഭം മൂലമോ വന്യജീവി ആക്രമണം മൂലമോ ഉണ്ടാകുന്ന പൂർണ്ണമായ വിളനാശത്തിന് റബ്ബറിന് മൂന്നു വർഷം വരെ 1 എണ്ണത്തിന് 200 രൂപയും മൂന്നു വർഷത്തിന് മേൽ 7 വർഷം വരെ ഒരെണ്ണത്തിന് 600 രൂപയും 7വർഷത്തിന് ശേഷം ഒരെണ്ണത്തിന് 1000 രൂപയും നഷ്ടപരിഹാരമായി നൽകുന്നു.<br><br>3. കേന്ദ്രാവിഷ്കൃത ഇൻഷ്വറൻസ് പദ്ധതി ആയ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾക്ക് വിജ്ഞാപനം ചെയ്ത ടേം ഷീറ്റുകളുടെ അടിസ്ഥാനത്തിൽ 1 ഹെക്ടറിന് 100000/- രൂപ നഷ്ടപരിഹാരം നൽകുന്നു . |
| (സി) | റബ്ബർ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇനി | (സി) | റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുയെന്ന് വ്യക്തമാക്കുമോ; | | ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നല്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നല്കുന്നു. 2021 ഏപ്രിൽ ഒന്ന് മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് കിലോഗ്രാമിന് 150 എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനം നടപ്പിലാക്കുന്ന റബ്ബർ വില സ്ഥിരതാ ഫണ്ട് 170/- രൂപയിൽ നിന്നും 250/-രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സഹായം കൂടി ആവശ്യപ്പെട്ടുകൊണ്ട് പലതവണകളായി കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും ബന്ധപ്പെട്ട കേന്ദ്ര മന്ത്രിയെ നേരിൽ കണ്ട് കേരളത്തിന്റെ ആവശ്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ പ്രത്യേക സാഹചര്യത്തിൽ റബ്ബറിന്റെ താങ്ങുവില ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) | റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നല്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നല്കുന്നു. 2021 ഏപ്രിൽ ഒന്ന് മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് കിലോഗ്രാമിന് 150 എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനം നടപ്പിലാക്കുന്ന റബ്ബർ വില സ്ഥിരതാ ഫണ്ട് 170/- രൂപയിൽ നിന്നും 250/-രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സഹായം കൂടി ആവശ്യപ്പെട്ടുകൊണ്ട് പലതവണകളായി കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും ബന്ധപ്പെട്ട കേന്ദ്ര മന്ത്രിയെ നേരിൽ കണ്ട് കേരളത്തിന്റെ ആവശ്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരമുള്ള തുക ഇനിയും വിതരണം ചെയ്യാനുണ്ടോ; എങ്കിൽ കണക്കുകൾ ലഭ്യമാക്കാമോ? | (ഇ) | 2015 മുതൽ നടപ്പിലാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | | | 2022-23 സാമ്പത്തിക വർഷം 2,28,697 ബില്ലുകളിൽന്മേൽ 58.11 കോടി രൂപയും, നടപ്പ് സാമ്പത്തിക വർഷം റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച 5,33,838 ബില്ലുകളിൽന്മേൽ 161.52 കോടി രൂപയും ഇതിനോടകം കർഷകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇനി 194 ബില്ലുകളിന്മേൽ 5,11,082 രൂപ കൂടി കർഷകർക്ക് നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ